സീറ്റുകൾ സംസ്ഥാന ജീവനക്കാരുടെ കുട്ടികൾക്കു നൽകണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തു പ്രവർത്തിക്കുന്ന പല കേന്ദ്രീയ വിദ്യാലയങ്ങളും സ്കൂൾ പ്രവേശനത്തിൽ സംസ്ഥാന ജീവനക്കാരുടെ കുട്ടികളെ പൂർണ്ണമായി ഒഴിവാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാവയങ്ങളിൽ അർഹമായ സീറ്റുകൾ സംസ്ഥാന ജീവനക്കാരുടെ കുട്ടികൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്ത സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലേക്ക് ഒരു സെക്ഷനിൽ 10 കുട്ടികൾക്കും തുടർന്ന് രണ്ട് മുതൽ ക്ലാസ്സുകളിലേക്ക് ആകെ 10 കുട്ടികൾക്കും സംസ്ഥാന സർക്കാരിലെ ജീവനക്കാരുടെ കുട്ടികൾക്കായി നീക്കിവച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ കുട്ടികൾക്ക് അർഹമായ സീറ്റുകളിൽ പ്രവേശനം ലഭിക്കാൻവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

"കായിക വിദ്യാഭ്യാസം സ്കൂൾ/കോളേജ് സിലബസ്സിൽ ഉൾപ്പെടുത്താൻ നടപടി"

79 [5739] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക വിദ്യാഭ്യാസം സ്കൂൾ/കോളേജ് സിലബസ്സിൽ ഉൾപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

കായിക വിദ്യാഭ്യാസം ഇപ്പോൾ തന്നെ സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് ജി. വി. രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ വി. എച്ച്. എസ്. (സ്പോർട്സ്)-ലും കായിക വിദ്യാഭ്യാസം ഒരു തൊഴിലധിഷ്ഠിത കോഴ്സായി നടത്തിവരുന്നുണ്ട്. കായിക വിദ്യാഭ്യാസം കോളേജ് തലത്തിൽ സിലബസ്സിൽ ഉൾപ്പെടുത്തുന്ന കാര്യം തൽക്കാലം ആലോചനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly